**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4844** **11-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ലോക്ക്ഡൗണിന്റെ പേരിൽ ജനങ്ങൾക്കെതിരെ പോലീസ് അതിക്രമങ്ങൾ ഉയർന്നു വരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ലോക്ക്ഡൗൺ ഘട്ടത്തിൽ അത് ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിനും സമാധാനം ഉറപ്പ വരുത്തി ജനജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള ഉത്തരവാദിത്തവും പോലീസ് നിർവ്വഹിച്ചിട്ടുണ്ട്. ഈ കൃത്യനിർവ്വഹണത്തോടൊ പ്പം ജനങ്ങളുടെ എല്ലാ ദുരിതങ്ങളിലും അവരുടെ സഹായിയായി പ്രവർത്തിച്ച അനുഭവമാണ് ഉണ്ടായിട്ടുള്ളതെന്ന് കാണാം. ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു. വർഗ്ഗീയ പ്രചരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടന്ന ഘട്ടത്തിലും കേരളത്തെ വർഗ്ഗീയ സംഘർഷങ്ങളിൽ നിന്ന് മുക്തമാക്കുന്നതിന് പോലീസ് സ്വീകരിച്ച നടപടി മികച്ചതാണ്. പ്രളയത്തിലും കോവിഡ്-19 നെ തടയുന്ന നടപടികളിലും പോലീസിന്റെ സജീവ സാന്നിദ്ധ്യം പ്രകടമാണ്. ആവശ്യക്കാരന് ഭക്ഷണവും മരുന്നും എത്തിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ ജനങ്ങൾക്ക് തുണയാകുന്നതിനും സജീവമായി തന്നെ പോലീസിന് നിലകൊള്ളാനായി. ഒരു ജനകീയ സേനാ സംവിധാനം എന്ന നിലയിൽ പോലീസ് മാറിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ആ നേട്ടം തുടർന്നും മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വീഴ്ചകൾ ഉണ്ടാകുന്ന ഘട്ടത്തിൽ അവ തിരുത്താനും പോലീസ് തയ്യാറായിട്ടുണ്ട്. |
| (ബി) | അഞ്ചുതെങ്ങ് കൊച്ചുമേത്തൻ കടവിൽ മീൻ വിൽപ്പന നടത്തിയിരുന്ന മേരി എന്ന | (ബി) | പോലീസ് റിപ്പോർട്ട് പ്രകാരം പാരിപ്പള്ളി പോലീസിന്റെ ഭാഗത്തു നിന്നും ഇത്തരം സംഭവം |

| | | | |
|---|---|---|---|
| | വയോധികയുടെ പതിനാറായിരത്തോളം രൂപ വിലവരുന്ന മത്സ്യം പാരിപ്പള്ളി പൊലീസ് അഴുക്കുചാലിലേക്ക് വലിച്ചെറിഞ്ഞ സംഭവത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | | ഉണ്ടായിട്ടില്ല. ആയതിനാൽ മറ്റു നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | ലോക്ക്ഡൗൺ മൂലം ജനങ്ങൾ സാമ്പത്തിക പരാധീനത അനുഭവിക്കുമ്പോൾ പാവപ്പെട്ട ജനങ്ങളുടെ മുകളിൽ പിഴ ചുമത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തവർക്ക് എതിരെയും ലോക്ക്ഡൗൺ സംബന്ധിച്ച ഉത്തരവുകൾ ലംഘിച്ചവർക്കെതിരെയും പോലീസ് നിയമാനുസരണമുള്ള പിഴ മാത്രമേ ചുമത്തിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ